എം.ഇസഡ് (ഇ) . 0760/2020

മ്യൂസിയം മൃഗശാല ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി:19/08/2022

## പുനർ – ലേല നോട്ടീസ്

തിരുവനന്തപുരം മ്യൂസിയം മൃഗശാല വകുപ്പിലെ ശ്രീചിത്രാ ആർട്ട് ഗ്യാലറിയ്ക്ക് പുറക് വശത്തായി സ്ഥിതി ചെയ്യുന്ന പഴയ ടോയ് ലറ്റ് ബ്ളോക്ക് കെട്ടിടം പൊളിച്ച് നീക്കി വേസ്റ്റ് സാധനങ്ങൾ അടക്കം നീക്കം ചെയ്തു കൊണ്ട് പോകുന്നതിനുള്ള അവകാശം **29/08/2022** ന് ഉച്ചയ്ക്ക് **2.00 മണി**യ്ക്ക് ഡയറക്ടറേറ്റ് ഓഫീസിൽ വച്ച് പരസ്യലേലത്തിലൂടെ നൽകുന്നതാണ്. പഴയ ടോയ് ലറ്റ് ബ്ളോക്ക് കെട്ടിടത്തിന് പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കി നൽകിയിട്ടുള്ള സർവ്വെ റിപ്പോർട്ട് പ്രകാരം **₹ 11,714/- രൂപയാണ് (ആകെ പതിനൊന്നായിരത്തി എഴുനൂറ്റി പതിനാല് രൂപ മാത്രം)** രൂപയാണ് അടങ്കൽ തുക. അടങ്കൽ തുകയുടെ 1% (ഒരു ശതമാനം) തുക നിരതദ്രവ്യമായി അന്നേ ദിവസം 1.00 മണിയ്ക്ക് മുൻപായി മ്യൂസിയം മൃഗശാല ഡയറക്ടറുടെ കാര്യാലയത്തിൽ ഒടുക്കേണ്ടതാണ്. ആദ്യത്തെയും, രണ്ടാമത്തെയും, മൂന്നാമത്തെയും നിരക്കുകൾ വിളിച്ച ആളുകളുടെ ഒഴികെ മറ്റുള്ളവരുടെ നിരതദ്രവ്യ തുക ലേല നടപടി പൂർത്തിയായാലുടൻ മടക്കി നൽകുന്നതാണ്. ലേലം സ്ഥിരപ്പെടുത്തി ലഭിച്ചയാൾ ലേല തുകയും, ലേല തുകയുടെ 5% തുക മ്യൂസിയം മൃഗശാല ഡയറക്ടറുടെ പേരിൽ സെക്യൂരിറ്റി ഡെപ്പോസിറ്റായി ഒടുക്കേണ്ടതാണ്. വകുപ്പിലെ വസ്തു വകകൾക്ക് നാശനഷ്ടം കൂടാതെ പഴയ ടോയ് ലറ്റ് ബ്ളോക്ക് പൊളിച്ചു നീക്കം ചെയ്യുന്നതിനുള്ള നടപടി പൂർത്തീകരിച്ച ശേഷം സെക്യൂരിറ്റി ഡെപ്പോസിറ്റ് മടക്കി നൽകുന്നതാണ്. ലേലം നടക്കുന്ന തീയതി അവധിയായി പ്രഖ്യാപിക്കുകയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം ലേല നടപടി സ്വീകരിക്കുന്നതാണ്. ലേലം സ്ഥിരപ്പെടുത്തുന്നതിനും, പ്രതീക്ഷിച്ച തുക ലേലത്തിലൂടെ ലഭിക്കാത്ത പക്ഷം യാതൊരു കാരണവും കൂടാതെ ലേലം നിരസിക്കുന്നതിനുള്ള പരിപൂർണ്ണ അധികാരം മ്യൂസിയം മൃഗശാല ഡയറക്ടറിൽ നിക്ഷിപ്തമാണ്. എല്ലാ സർക്കാർ നിബന്ധനകളും ഈ ലേലത്തിനും ബാധകമാകുന്നതാണ്. ലേലത്തെപ്പറ്റിയുള്ള കൂടുതൽ വിവരങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ മ്യൂസിയം മൃഗശാല ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും അറിയാവുന്നതാണ്. ആവശ്യമുള്ള പക്ഷം പഴയ ടോയിലറ്റ് ബ്ലോക്ക് കെട്ടിടം പരിശോധന നടത്താവുന്നതാണ്.

മ്യൂസിയം മൃഗശാല വകുപ്പ് കേരള സർക്കാർ

**ഡയറക്ടർ**

എല്ലാ സെക്ഷനിലെയും നോട്ടീസ് ബോർഡ്

പകർപ്പ്: ഫയൽ

വി-19/08/2022